# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1081 25/01/2018-ൽ മറുപടിയ്ക്ക്

### ബിവറേജസ് ചില്ലറ വില്പനകേന്ദ്രങ്ങൾ മാറ്റി സ്ഥാപിച്ചതിന്റെ കാരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ | | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ/സംസ്ഥാന പാതകളുടെ സമീപം പ്രവർത്തിച്ചുകൊണ്ടിരുന്ന മദ്യശാലകൾ 500 മീറ്റർ ദൂരപരിധിയിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന 15.12.2016-ലെ സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബിവറേജസ് കോർപ്പറേഷനു കീഴിലെ വിതരണകേന്ദ്രങ്ങൾ മാറ്റി സ്ഥാപിച്ചപ്പോൾ ഉണ്ടായ ജനകീയ സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം ചില്ലറ വില്പന കേന്ദ്രങ്ങൾ തുറക്കാൻ കഴിയാതെ വന്നാൽ വ്യാജമദ്യത്തിന്റെയും, മയക്കമരുന്നിന്റെയും വ്യാപനം ഉണ്ടാകുമെന്നതാണോ ജനവാസകേന്ദ്രങ്ങളിൽ പോലും കോർപ്പറേഷന്റെ ചില്ലറ വില്പന കേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | എഫ്.എൽ-1 ഷോപ്പുകളില്ലാത്ത ചില സ്ഥലങ്ങളിലെ വ്യാജമദ്യത്തിന്റേയും മയക്കമരുന്നിന്റേയും വ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനവാസകേന്ദ്രങ്ങൾ പരമാവധി ഒഴിവാക്കിയും നിലവിലുള്ള ദൂരപരിധി നിയമങ്ങൾ കർശനമായി പാലിച്ചുമാണ് വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ സ്ഥാപിച്ചു വരുന്നത്. |
| (സി) | മദ്യ ഷോപ്പുകൾ അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന നിബന്ധന ഒഴിവാക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തുടനീളം ഏകീകൃത അബ്കാരി നയം നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരം തടസമായതിനാലാണ് ഈ നിബന്ധന ഒഴിവാക്കിയത്. |

Sreedevi

സെക്ഷൻ ഓഫീസർ